ಮಂಡ್ಯ ಧರ್ಮಕ್ಷೇತ್ರ
DIOCESE OF MANDYA
Bishop's House, Kalenahalli P.O – 571 402, Mandya District, Karnataka, India
Phone: +91 7338657382
Bengaluru Office: Regional Pastoral Centre, Santhome Church, Hulimavu,
Bannerghtta Road, Bengaluru – 560 076, Karnataka, India

Ref. M/BP/CIR/8.2024 November 20, 2024

# പ്രത്യാശയുടെ ചിറകുകൾ- വിടരട്ടെ, വിലസട്ടെ മണ്ഡ്യ രൂപതയിൽ

പ്രിയപ്പെട്ട വൈദികരേ, സന്യസ്തരേ, സഹോദരീ സഹോദരന്മാരേ;

പരിശുദ്ധപിതാവ് ഫ്രാൻസിസ് പാപ്പ 2025 ജൂബിലി വർഷമായി പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. മനുഷ്യവർഗ്ഗത്തെ മുഴുവൻ നവീകരിക്കുന്ന ഒരു പ്രേരകശക്തിയായി കത്തോലിക്കാസഭ മാറണമെന്നാണ് മാർപാപ്പയുടെ ആഗ്രഹം. അതിന്റെ ചുവടുപിടിച്ച് Wings of Hope എന്ന പേരിൽ ഒരു എളിയ കാൽവയ്പിന് ശ്രമിക്കുകയാണ് മണ്ഡ്യരൂപത. ഭിന്നശേഷിക്കാരായ കുട്ടികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചു വരുന്ന ഈ കാലഘട്ടത്തിൽ, അവരുടെ സംരക്ഷണത്തിനായി ജീവിതം ഉഴിഞ്ഞുവച്ച മാതാപിതാക്കൾ, സഹോദരങ്ങൾ, കുടുംബാംഗങ്ങൾ എന്നിവരുടെ കഷ്ടപ്പാടും ദുഃഖവും നാം കാണാതിരുന്നുകൂടാ. ഭിന്നശേഷിക്കാരായ കുഞ്ഞുങ്ങൾ ജനിക്കുന്നതോടെ ഒരു പരിധി വരെ സാമൂഹികജീവിതം പോലും മാതാപിതാക്കൾക്ക് അന്യമാകുന്നു. വീടിനകത്തും ആശുപത്രികളിലും മാത്രമായി തീരുന്ന അവരുടെ ജീവിതം പൊതുബോധത്തിന്റെ ഉത്കണ്ഠകൾക്കപ്പുറത്താണ്. ഇങ്ങനെയുള്ളവരുടെ ജീവിതത്തിലേക്ക് ആശ്വാസത്തിന്റെ ഇത്തിരി വെട്ടം തെളിക്കുവാൻ നമ്മുടെ രൂപത ശ്രമിക്കുമ്പോൾ എല്ലാവരും ഒപ്പമുണ്ടാകണമെന്നാണ് എന്റെ ആഗ്രഹം.

ഇതിന് മുന്നോടിയായി ധർമ്മാരാം ക്രൈസ്റ്റ് സ്ക്കൂളിൽ വച്ച് ഡിസംബർ 1-ാം തീയതി ആദ്യത്തെ സംഗമം നടക്കുകയാണ്. ഇതിനോടകം ഇരുപതിലധികം കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇനിയും വ്യത്യസ്തമായ കഴിവുകളുള്ള കുട്ടികളുണ്ടെങ്കിൽ അവരുടെ മാതാപിതാക്കളെയും കുടുംബാംഗങ്ങളെയും ഈ സംഗമത്തിലേക്ക് സഹർഷം സ്വാഗതം ചെയ്യുന്നു. അവരുടെ ആവശ്യങ്ങൾ എന്താണെന്ന് കണ്ടെത്തുകയാണ് ആദ്യലക്ഷ്യം. ആവശ്യങ്ങൾ മനസ്സിലാക്കി അതിനോട് ക്രിയാത്മകമായി പ്രതികരിക്കേണ്ടത് എങ്ങനെയെന്ന് പഠിച്ചതിനുശേഷമായിരിക്കും പ്രവർത്തനപരിപാടികൾ തുടങ്ങുന്നത്. അവർ ഒറ്റപ്പെട്ടവരല്ലെന്നും, അവരുടെ ആവശ്യങ്ങൾ നമ്മൾ തിരിച്ചറിയുന്നുണ്ടെന്നും, നന്മ നിറഞ്ഞ നമ്മുടെ സമൂഹം ജീവിതയാത്രയിൽ അവരോടൊപ്പമുണ്ടെന്ന് ബോധ്യപ്പെടുത്തുകയാണ് നമ്മുടെ പ്രാഥമികലക്ഷ്യം.

വ്യത്യസ്തമായ കഴിവുകളുള്ളവരെ എന്നും പൊന്നുപോലെ സംരക്ഷിക്കുന്നവർക്ക് ചെറിയൊരു വിശ്രമം ഒരുക്കാനാണ് നമ്മൾ ശ്രമിക്കുന്നത്. വ്യക്തിപരമായ ആവശ്യങ്ങൾക്കുപോലും പിന്തുണ വേണ്ട കുട്ടികളെ സമാധാനത്തോടെ വിശ്വാസപൂർവ്വം അടുത്ത ബന്ധുക്കളുടെ കൈകളിൽപോലും ഏല്പിക്കാൻ രക്ഷിതാക്കൾക്ക് ഭയമാണ്. കുട്ടികളെ സുരക്ഷിതമായി ഒരു സ്ഥലത്ത് ഏല്പിച്ച്, ഒരു ഡോക്ടറെ കാണാൻ, സമാധാനത്തോടെ ഒന്നു വിശ്രമിക്കുവാൻ, ശാന്തമായി പ്രാർത്ഥിക്കുവാൻ, പ്രായമായ ബന്ധുമിത്രാദികളെ സന്ദർശിക്കുവാൻ അവസരമൊരുക്കുവാൻ സാധിക്കുമോ എന്നാണ് നമ്മൾ ചിന്തിക്കുന്നത്. അതിനായി സുരക്ഷിതമായ ഒരു വീടോ, കെട്ടിടമോ നൽകാൻ വിശാലഹൃദയരായ നമ്മുടെ ഇടവകാംഗങ്ങൾ ആരെങ്കിലും സന്മനസ് കാണിക്കുകയാണെങ്കിൽ, അത് ഈ ശുശ്രൂഷയുടെ മുന്നേറ്റത്തിന് വലിയൊരനുഗ്രഹമാകും. ആളുകൾക്ക്

ಮಂಡ್ಯ ಧರ್ಮಕ್ಷೇತ್ರ
DIOCESE OF MANDYA
Bishop's House, Kalenahalli P.O – 571 402, Mandya District, Karnataka, India
Phone: +91 7338657382
Bengaluru Office: Regional Pastoral Centre, Santhome Church, Hulimavu, Bannerghtta Road, Bengaluru – 560 076, Karnataka, India

സൗകര്യപൂർവ്വം എത്തിപ്പെടാവുന്ന സ്ഥലമോ, കെട്ടിടമോ രൂപതയ്ക്ക് ഇല്ലാത്തതുകൊണ്ടാണ് ഈ അഭ്യർത്ഥന നടത്തുന്നത്. ഇങ്ങനെ ലഭിക്കുന്ന കെട്ടിടം അവരുടെ ആവശ്യങ്ങൾക്കായി മാത്രമേ ഉപയോഗിക്കൂ.

വ്യത്യസ്തമായ കഴിവുകളുള്ളവർക്ക്/ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വിദഗ്ദ്ധ ചികിത്സ നൽകുന്ന സ്ഥാപനങ്ങൾ നമ്മുടെ രാജ്യത്തുണ്ട്. മാതാപിതാക്കൾക്ക് അവരുടെ ജീവിതഭാരങ്ങൾക്കിടയിൽ അതിനെക്കുറിച്ച് അറിവുണ്ടാകണമെന്നില്ല. ഇത്തരം സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ആവശ്യമുള്ളവർക്ക് നൽകുകയാണ് രണ്ടാമത്തെ ലക്ഷ്യം. അതിൽ പ്രാവീണ്യമുള്ള നമ്മുടെ തന്നെ രൂപതാംഗങ്ങൾ ഈ ഉദ്യമത്തെ സഹായിക്കാൻ മുന്നോട്ട് വന്നിട്ടുണ്ട്. അത് മാതാപിതാക്കൾക്ക് വലിയ ആശ്വാസമാകും.

ഈ രംഗത്ത് നമ്മുടെ രൂപതയിലെ ക്രൈസ്റ്റ് സ്പെഷ്യൽ സ്ക്കൂൾ നടത്തുന്ന അഭിനന്ദനാർഹമായ പ്രവർത്തനങ്ങൾ നമുക്കേവർക്കും അറിവുള്ളതാണല്ലോ. അവരുടെ പ്രവർത്തനങ്ങൾക്ക് സ്നേഹപൂർവ്വം നന്ദി പറയുന്നു. ഡിസംബർ ഒന്നിലെ സംഗമത്തിനും തുടർന്നുള്ള ഒത്തുചേരലുകൾക്കും സൗകര്യം ഒരുക്കിത്തരുന്നതും ക്രൈസ്റ്റ് സ്പെഷ്യൽ സ്ക്കൂളാണ്. അവർക്ക് പ്രത്യേകം ദൈവാനുഗ്രഹം നേരുന്നു. മാതാപിതാക്കൾക്ക് കൗൺസിലിംഗിനും, കുട്ടികൾക്ക് മാനസികോല്ലാസത്തിനും കൂടിയുള്ള സമയമാണിത്. രക്ഷിതാക്കൾക്ക് പരസ്പരം പരിചയപ്പെടാനുമുള്ള ഒരു നല്ല അവസരം കൂടിയായി ഇത് മാറും. തുടർന്നുള്ള ഞായറാഴ്ചകളിലെ പരിപാടികൾ സ്പോൺസർ ചെയ്യുവാൻ ആഗ്രഹിക്കുന്നവർ സ്പെഷ്യൽ ഏഞ്ചൽസ് മിനിസ്ട്രിയുമായി ബന്ധപ്പെടേണ്ടതാണ്.

ഇതൊരു പരീക്ഷണ ശുശ്രൂഷയാണ്. പഠിച്ച്, പരിശോധിച്ച്, സഹായിച്ച്, മനസ്സിലാക്കി മുന്നേറേണ്ട ഒരു മനുഷ്യസംരംഭം. നിങ്ങളുടെ പ്രാർത്ഥന യാചിക്കുന്നു. പ്രത്യാശയുടെ ഒരു കാൽവയ്പാണ് മണ്ഡ്യരൂപത നടത്തുന്നത്. ദൈവമാണ് നമ്മുടെ ആശ്രയം. ഇടറാതെ, പതറാതെ മുന്നേറുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. കൂടാതെ സുമനസ്സുകളായ നിങ്ങളുടെ നിർലോഭമായ സഹകരണവും. പ്രത്യാശയോടെ നമുക്ക് മുന്നേറാം. ദൈവം നമ്മുടെ പക്ഷത്താണെങ്കിൽ ഓരോ വെല്ലുവിളിയും നമുക്ക് അവസരമായി മാറും

സ്നേഹത്തോടെ,

**സെബാസ്റ്റ്യൻ പിതാവ്**
മണ്ഡ്യ രൂപത മെത്രാൻ

*ഈ സർക്കുലർ 2024 നവംബർ 24 ഞായറാഴ്ച നമ്മുടെ രൂപതയിലെ എല്ലാ പള്ളികളിലും വിശുദ്ധ കുർബാന മധ്യേ വായിക്കുകയും ബന്ധപ്പെട്ട ഇടവക സമിതികളിൽ ഉചിതമായ സമയത്ത് റിപ്പോർട്ട് ചെയ്യുകയും സോഷ്യൽ മീഡിയ വഴി പരമാവധി ഷെയർ ചെയ്യാനും ശ്രദ്ധിക്കുമല്ലോ.*